## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T.1628** **04.12.2015 ൽ മറുപടിയ്ക്ക്**

# റബ്ബർ വിലയിടിവ് - സർക്കാർ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം : | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലക്കറവ് മൂലം നട്ടം തിരിയുന്ന റബ്ബർ കർഷകരെ രക്ഷിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബർ സംഭരണം നടത്തിയിട്ടുള്ളത്.<br>റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.<br>റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ചെറുകിട കർഷകർക്ക് ഷീറ്റിന് 150 രൂപ വീതം ലഭിക്കത്തക്ക വിധത്തിൽ ബാങ്കുവഴേന സബ്സിഡി സംവിധാനം ഏർപ്പെടുത്തി-യിട്ടുണ്ടോ ; നാളിതുവരെ എത്ര രൂപ ഇത്തരത്തിൽ സബ്സിഡിയായി സർക്കാർ വിതരണം ചെയ്തിട്ടുണ്ട് ; | (ബി) | ഉണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 02.12.2015 വരെ 39.80 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | കേരളത്തിലെ എത്ര റബ്ബർ കർഷകർ സബ്സിഡിക്കായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇവരിൽ എത്ര കർഷകർ സബ്സിഡിക്കായി റബ്ബർ ഷീറ്റ് വിൽപ്പന നടത്തിയ ബില്ല് സമർപ്പിച്ചിട്ടുണ്ട് ; ഇവർക്ക് സബ്സിഡിയായി എത്ര രൂപ സർക്കാർ നൽകേണ്ടി വരും ; | (സി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 02.12.2015 വരെ 306635 റബ്ബർ കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത റബ്ബർ കർഷകരിൽ 124952 പേർ സബ്സിഡിക്കായി ബില്ല് സമർപ്പിച്ചിട്ടുണ്ട്. റബ്ബർ കർഷകർ സമർപ്പിച്ചിട്ടുള്ള സെയിൽസ് ഇൻവോയ്സ്/പർച്ചേസ് ബില്ലിന്റെ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ എത്രത്തോളം സബ്സിഡി തുക നൽകേണ്ടി വരുമെന്ന് വ്യക്തമാകുകയുള്ളൂ. |
| (ഡി) | ഇത്തരത്തിൽ ബില്ല് സമർപ്പിച്ച എത്ര പേർക്ക് സർക്കാർ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ ആകെ എത്ര രൂപ നൽകിയിട്ടുണ്ടെന്നും പറയാമോ ; അവശേഷിക്കുന്നവർക്ക് സബ്സിഡി തുക നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; ഇവർക്ക് സബ്സിഡി തുക എന്ന് നൽകാൻ കഴിയും ; | (ഡി) & (ഇ) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 02.12.2015 വരെ 39.80 കോടി രൂപ 92,592 റബ്ബർ കർഷകർക്കായി സബ്സിഡിയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സെയിൽസ് ഇൻവോയ്സ്/ പർച്ചേസ് ബില്ലിന്റെ പരിശോധനയിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശം റബ്ബർ ബോർഡിന് നല്കിയിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിൽ സംസ്ഥാന സർക്കാരിന് റബ്ബർ കർഷകരെ സഹായിക്കാൻ സബ്സിഡി സംവിധാനം ഏർപ്പെടുത്താൻ സാധിക്കാത്ത സാഹചര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ